(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആഭ്യന്തര ടൂറിസം വികസനത്തിന് പാക്കേജുകൾ

*3 [303] ശ്രീ. എൻ. ഡി. അപ്പച്ചൻ:
" എ. കെ. മണി:
ശ്രീമതി രാധാരാഘവൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം വികസനത്തിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇക്കഴിഞ്ഞ 2 വർഷമായി ആഭ്യന്തര ടൂറിസം രംഗത്ത് എത്രമാത്രം പുരോഗതിയുണ്ടായിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഈ രംഗത്ത് ടൂർ ഓപ്പറേറ്റർമാരും ഹോട്ടൽ ഉടമകളും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(ഡി) ഇവർ പ്രത്യേക പാക്കേജ് തയ്യാറാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഡൊമസ്റ്റിക് ടൂറിസ്റ്റുകൾക്ക് വേണ്ടി കെ.ടി.ഡി.സി.-ക്ക് എന്തെല്ലാം പാക്കേജുകളുണ്ട് എന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) സംസ്ഥാനത്തേയ്ക്ക് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി രാജ്യത്തെ പ്രധാനപ്പെട്ട പത്രമാസികകളിലൂടെയും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും വിപുലമായ പരസ്യപ്രചരണങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ രാജ്യത്തെ പ്രധാന പട്ടണങ്ങളിൽ റോഡ്ഷോകൾ സംഘടിപ്പിക്കുക, വിവിധ ടൂറിസം മേളകളിൽ പങ്കെടുക്കുക, പ്രശസ്തരായ സഞ്ചാര സാഹിത്യകാരൻമാരേയും ടൂർ ഓപ്പറേറ്റർമാരേയും സംസ്ഥാനത്തേയ്ക്ക് അതിഥികളായി ക്ഷണിച്ച് വരുത്തി സംസ്ഥാനത്തെ വിവിധ ടൂറിസം പ്രോജക്ടുകളെ സംബന്ധിച്ച് അവരെ പരിചയപ്പെടുത്തുക തുടങ്ങിയവ നടത്തിവരുന്നുണ്ട്.

(ബി) ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ പ്രതിവർഷം 3 ലക്ഷത്തിലധികം പേരുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2002-ൽ 55,68,256 പേർ വന്ന സ്ഥാനത്ത് 2003-ൽ 58,71,228 പേർ വന്നതായി കണക്കാക്കപ്പെടുന്നു

(സി ആന്റ് ഡി) ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സംസ്ഥാനത്തെ ഹോട്ടലുകളും, ടൂർ ഓപ്പറേറ്റർമാരും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ വിനോദ സഞ്ചാരവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ എയർലൈൻസുമായി ചേർന്ന് സംസ്ഥാനത്തേക്ക് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഒരു ധാരണാ പത്രം ഒപ്പുവയ്ക്കുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. ഇതുപ്രകാരം സംസ്ഥാനത്തെ പ്രധാന ഹോട്ടലുകളും, ഇന്ത്യൻ എയർലൈൻസുമായി ചേർന്ന് പ്രത്യേക പാക്കേജുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി. കൂടാതെ ടൂർ ഓപ്പറേറ്റർമാരും, ഹോട്ടലുകളും സ്വന്തം നിലയിൽ പാക്കേജ് ടൂറുകൾ തയ്യാറാക്കി നടപ്പാക്കി വരുന്നുണ്ട്.

(ഇ) മൺസൂൺ കാലത്തേക്ക് കെ.ടി.ഡി.സി.-യുടെ കീഴിലുള്ള പ്രമുഖ ഹോട്ടലുകളിൽ നിലവിലുള്ള വിവിധ പാക്കേജുകളുടെ വിശദവിവരങ്ങളടങ്ങിയ ലീഫ് ലെറ്റുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† മറ്റുള്ള കാലത്തേക്ക് പ്രത്യേകമായ പാക്കേജുകളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർക്കുള്ള തൊഴിൽ ക്ലബ്ബുകൾ

*4 [304] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
" ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർക്കു വേണ്ടി സർക്കാർ പ്രഖ്യാപിച്ച തൊഴിൽ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) തൊഴിൽ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് ഏതെല്ലാം ജില്ലകളിലാണ്;

(സി) ഈ ക്ലബ്ബുകളിലൂടെ എന്തെല്ലാം സേവനങ്ങളാണ് പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ഡി) ബഡ്ജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഇതിനകം എന്തുതുക എന്തെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇതിനകം ക്ലബ്ബുകളുടെ സേവനം ലഭിച്ചവരെ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഇല്ല. പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർക്ക് തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് വേണ്ടി നടപ്പുവർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ 2 കോടി രൂപ പ്രഖ്യാപിച്ചിരുന്നെങ്കിലും ബഡ്ജറ്റിൽ ഇതിനുള്ള തുക വകകൊള്ളിച്ചിട്ടില്ല. സ്പീച്ചിൽ പ്രഖ്യാപിച്ച പ്രകാരമുള്ള ഭരണാനുമതി തേടുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ പൂർത്തിയായി ഭരണാനുമതിയും ബഡ്ജറ്റ് പ്രൊവിഷനും ലഭിക്കുന്ന മുറയ്ക്ക് തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്.

(ബി) 2002-2003-ൽ "കുടുംബശ്രീ" വഴി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് 50 ലക്ഷം രൂപ പട്ടികജാതി വകുപ്പിന് അനുവദിച്ചിട്ടുണ്ടായിരുന്നു. ഇതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ITI/ITC തുടങ്ങിയ സാങ്കേതിക യോഗ്യതകൾ ഉള്ള പട്ടികജാതി കുട്ടികൾക്കായി 3 ക്ലബ്ബുകൾ ആരംഭിച്ചു പ്രവർത്തനം നടത്തിവരുന്നു. ബാക്കിയുള്ള ജില്ലകളിൽ ക്ലബ്ബുകളുടെ രൂപീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly